ആരോഗ്യ കായിക പദ്ധതി

16(*256) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായി എത്രയുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് ; അത് എത്രത്തോളം ഉപയോഗപ്പെടുത്തി എന്നറിയിക്കാമോ ;

(ബി) ചട്ടവിരുദ്ധമായി അദ്ധ്യാപകബാങ്കിൽ നിന്ന് ഇതിലേക്കായി അദ്ധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ;

(സി) ഈ വിധത്തിൽ എസ്.എസ്.എ.യുടെ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) 2014-15 വർഷം ആരോഗ്യകായികവിദ്യാഭ്യാസത്തിന് എസ്.എസ്.എ. പദ്ധതി പ്രകാരം 2936.34 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി നിയോഗിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം ഈ തുകയിൽ നിന്നും വിനിയോഗിക്കുന്നതാണ്.

(ബി) ചട്ടവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അദ്ധ്യാപക ബാങ്കിലേക്ക് മാറ്റപ്പെടുന്ന അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശം പിൻവലിച്ചിട്ടുണ്ട്.

(സി) ദുരുപയോഗം ഉണ്ടാവുകയില്ല.

സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം

17(*257) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ് മേഖലകളിലുള്ള എല്ലാ സ്കൂളുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലൈബ്രറികളുടെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സ്കൂൾ ലൈബ്രറികൾ നവീകരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ,

(എ) 4179 ഗവ: സ്കൂളുകളിലും 6659 എയ്ഡഡ് സ്കൂളുകളിലും ലൈബ്രറി സൗകര്യമുണ്ട്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം A ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം B ആയി ചേർത്തിട്ടുണ്ട്.*

റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

18(*258) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് നികുതിയിനത്തിൽ പ്രതിവർഷം എന്ത് തുക പിരിച്ചെടുക്കുന്നുണ്ട് ; ഇതിൽ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എന്ത് തുക ചെലവഴിക്കുന്നുണ്ട് ;

(സി) കേരളത്തിലെ റോഡുകൾക്ക് വേണ്ടത്ര നിലവാരമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവ്വഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly